LIBRARY ARCHIVES Kerala Legislative Assembly

ജില്ലാതല പഞ്ചായത്ത് മുൻ അംഗങ്ങൾ

322 (1765) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല പഞ്ചായത്ത് മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ ;

(ബി) എത്ര രൂപ ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവർക്ക് ഇൻഷുറൻസ് പ്രീമിയം പരിഗണിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള അംഗങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്. പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ഡി) നിലവിലുള്ള അംഗങ്ങളെ ഒക്ടോബർ 2014 മുതൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

323 (1766) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ത്രിതലപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ 2011-12, 2012-13, 2013-14, കാലയളവിൽ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്ത ഫണ്ടുകളുടെ വിശദാംശങ്ങൾ, ഫണ്ടുകൾ ലഭിച്ച ഗുണഭോക്തൃ ലിസ്റ്റടക്കം വ്യക്തമാക്കുമോ ;